A2/210/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പുല്ലുവഴിയിലെ പി. ഗോവിന്ദപിള്ള ജന്മശതാബ്ദി സാംസ്കാരിക കേന്ദ്രം നിർമ്മാണത്തിനായി 2025-26 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.52/2026/CLAD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. 16.04.2018-ലെ സ.ഉ.(പി) നമ്പർ 62/2018/ധന. നമ്പർ ഉത്തരവ്
2. പുല്ലുവഴി പബ്ലിക്ക് ലൈബ്രറി സെക്രട്ടറിയുടെ 09.08.2025 തീയതിയിലെ അപേക്ഷ
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 24.11.2025 തീയതിയിലെ പ2-2026/2025/സാം.വ. നം കത്ത്

**ഉത്തരവ്**

പി. ഗോവിന്ദപിള്ള ജന്മശതാബ്ദി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി ധനസഹായം ലഭ്യമാക്കുന്നതിന് പരാമർശം (2) പ്രകാരം എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പുല്ലുവഴി പബ്ലിക് ലൈബ്രറി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പുല്ലുവഴി പി.ഗോവിന്ദപിള്ള ജന്മശതാബ്ദി സാംസ്കാരിക കേന്ദ്രം നിർ മ്മിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കും സ്ഥാപനങ്ങൾക്കും ധനസഹായം അനുവദിക്കുന്ന 2205-00 102-98-36 (P) എന്ന ശീർഷകത്തിൽ നിന്നും 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പി. എസ്. റ്റി. എസ്. ബി. അക്കൗണ്ട്സ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എല്ലാ വ്യവസ്ഥകളും പാലിച്ചു കൊണ്ട് അവശ്യ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആയത് വിശദമായി പരിശോധിച്ച ശേഷം തുക അനുവദിക്കുന്നത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത തുക പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും

അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി/ബന്ധപ്പെട്ട അധികാരി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യ പത്രവും വിശദമായ ചെലവ് വിവരവും ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, പുല്ലുവഴി പബ്ലിക് ലൈബ്രറി, പുല്ലുവഴി, പെരുമ്പാവൂർ-683541
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-01-2026 11:58:01